മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 06 No. 22 THE ONLINE OFFICIAL NEWS BULLETIN 2023 June 03

SEASON OF PENTECOST പെന്തിക്കോസ്തികാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
4 1st Sunday after Pentecost ♪8	5 ♪4	6 Comme. Of Aaron the Monk 98th Memorial of Yuakim Mar Ivanios Metropolitan (Parumala) 16th Memorial of Augen Mar Dionysius Metropolitan (Vallikkattu Dayara) ♪8	7 ♪4	8 ♪8	9 ♪4	10 ♪8





ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ. പി. അബൂബക്കർ മുസ്ലിയാരും പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതിയൻ കാതോലിക്കാ ബാവായും കൂടിക്കാഴ്ച്ച നടത്തി. കാരന്തൂർ മർകസിൽ നടന്ന കൂടിക്കാഴ്ചയിൽ നിലവിലെ സാമൂഹ്യ സാഹചര്യത്തെയും, ഇരു സമുദായങ്ങൾക്കിടയിൽ ശക്തിപ്പെടേണ്ട സൗഹാർദ്ദത്തെയും കുറിച്ച് ഇരുവരും സംസാരിച്ചു.

ഒഡീഷയിലെ ട്രെയിൻ അപകടം: പ. കാതോലിക്കാ ബാവാ അനുശോചിച്ചു

കോട്ടയം; ഒഡീഷ്യയിലെ ബഹർ നഗറിൽ ഇന്നലെ ഉണ്ടായ ട്രെയിൻ അപകടം അത്യന്തം വേദനാജനകമെന്ന് പ. ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ. 260 പേരുടെ മരണത്തിന് ഇടയാക്കുകയും 1000 പേരെ പരിക്കേൽപ്പിക്കുകയും രാജ്യത്തെ മുഴുവൻ കണ്ണീരിൽ ആക്കുകയും ചെയ്ത ഈ ട്രെയിൻ അപകടം ഹൃദയത്തെ തകർക്കുന്ന വേദനയാണ് സമ്മാനിച്ചത്. പ്രതീക്ഷയോടെ യാത്ര ചെയ്തവർ മരണത്തിന്റെ കയങ്ങളിൽ ആണ്ടുപോയ ഹൃദയഭേദകമാ അനുഭവം വാക്കുകൾക്ക് ആശ്വസിപ്പിക്കുവാൻ കഴിയാത്ത ദയനീയ സ്ഥിതിയാണ് സൃഷ്ടിച്ചിരിക്കുന്നത്. പ്രിയപ്പെട്ടവരുടെ മരണത്തിൽ ദുഃഖാർത്തർ ആയിരിക്കുന്ന എല്ലാവർക്കും ദൈവം ആശ്വാസം നൽകട്ടെ. അവരുടെ കുടുംബങ്ങളെയും പ്രിയപ്പെട്ടവരെയും, താൻ പരിപാലിക്കട്ടെ. അവർക്കു വേണ്ട എല്ലാ സമാധാനവും നൽകട്ടെ എന്ന പ്രാർത്ഥിക്കുന്നതായും അനുശോചന സന്ദേശത്തിൽ പ. കാതോലിക്കാ ബാവ പറഞ്ഞു.




പരുമല സെമിനാരിയിൽ നടന്ന പെന്തിക്കോസ്തി പെരുന്നാൾ ശുശ്രൂഷയ്ക്ക് ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ പ്രധാന കാർമികത്വം വഹിച്ചു.



വയനാട് കാര്യമ്പാടി M.O.S.C മെഡിക്കൽ മിഷൻ കണ്ണാശുപത്രിയുടെ സുവർണ്ണ ജൂബിലി സമാപന സമ്മേളനം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ഉത്ഘാടനം ചെയ്തു. പ. മാത്യുസ് തൃതിയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു. ഗീവർഗീസ് മാർ ബർന്നബാസ് മുഖ്യപ്രഭാഷണം നടത്തി. മത സാംസ്കാരിക, രാഷ്ട്രീയ പ്രമുഖർ സമ്മേളനത്തിൽ സംബന്ധിച്ചു.

ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് ‘കാസാ’യുടെ വെസ്റ്റ് സോൺ പേർസണൽ കമ്മിറ്റിയുടെ അധ്യക്ഷൻ



മുംബൈ: ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായെ ‘കാസ’ (CASA - Churches Auxiliary for Social Action) വെസ്റ്റ് സോൺ പേഴ്സണൽ കമ്മിറ്റിയുടെ അധ്യക്ഷനായി തെരഞ്ഞെടുത്തു.

നാല് വർഷത്തേക്കാണ് അധ്യക്ഷന്റെ നിയമനം. സാമൂഹിക പ്രവർത്തനത്തിനു വേണ്ടിയുള്ള സഭകളുടെ സംയുക്ത സംഘടനയാണ് കാസ. 1947-ൽ ആരംഭിച്ച ‘കാസാ’യുടെ ആസ്ഥാനം ന്യൂഡൽഹിയാണ്.

നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇൻഡ്യയുടെ പ്രസിഡന്റായും ക്രിസ്ത്യൻ സർവീസ് ഏജൻസി ചെയർമാനായും നിയമിതനായ മെത്രാപ്പോലീത്തായെ വെസ്റ്റ് സോണിന്റെ മീറ്റിംഗിൽ വെച്ച് കാസാ ഡയറക്ടർ ഡോ. സുഷാന്ത് അഗർവാളും റീജിയണൽ സെക്രട്ടറി കെ. വി. തോമസും ബോർഡ് മെമ്പേഴ്സും ചേർന്ന് അനുമോദിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പുസ്തകം

വിശുദ്ധ രഹസ്യങ്ങൾ



മാർ ഗീവർഗീസ്, മൂശെ ബർകീഫാ, ദീവന്നാസ്യോസ് ബർസ്ലീബി, ദാരായിലെ മാർ യോഹന്നാൻ എന്നീ സുറിയാനി സഭാപിതാക്കന്മാരുടെ വി. കുർബാനയെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ

ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ


മനുഷ്യരായ നമ്മൾക്കുവേണ്ടി അവൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി. തന്റെ ആഴമേറിയ സ്നേഹത്താൽ തന്റെ രൂപത്തെ രക്ഷിക്കുവാൻ അവന് തിരുവിഷ്ടം ഉണ്ടായി. (പുറം 56) ഉന്നതങ്ങളിൽ നിന്ന് ആഴത്തിലേക്കും മറവായതിൽ നിന്ന് വെളിവായതിലേക്കും ഔന്നത്യത്തിൽ നിന്ന് താഴ്മയിലേക്കും തന്റെ സൃഷ്ടിയെ ദുഷ്ട പിശാചുക്കളുടെ വഴിതെറ്റിൽ നിന്നും രക്ഷിക്കുവാൻ വന്നു.

[4n] **പരിശുദ്ധാത്മാവിൽ നിന്ന് ശരീരം ധരിച്ചു**. അതായത്, ഒന്നാമതായി ആത്മാവ് അവന്റെ കുടുംബമാണ്. അതായത് സ്വഭാവത്തിലും പ്രായത്തിലും സമനാണ്. പിന്നീട് പരിശുദ്ധാത്മാവിന്റെ മധ്യസ്ഥതയാൽ അവൻ അവനെ സ്വീകരിച്ചു അതായത് അവനു മാത്രം അറിയാവുന്ന ഒരു ശരീരം (സാധാരണ) ജനന സമയത്ത് കന്യാമുദ്രയ്ക്ക് സംഭവിക്കുന്നതുപോലെ കന്യാമുദ്രയ്ക്ക് കേടുകൂടാതെയും ഭംഗം കൂടാതെയും പരിശുദ്ധ റൂഹാമൂലം കന്യകയുടെ ഉദരത്തിൽ അവനെ മെടഞ്ഞു.

[4o] **മനുഷ്യനായി.** അതായത് ദേഹിയും ശരീരവും മനസ്സും അവൻ എടുത്തു. അവന്റെ ദൈവത്വം മനസ്സിന്റെ സ്ഥാനം ഏറ്റെടുത്തതുകൊണ്ട് ദൈവം നമ്മിൽ നിന്ന് ശരീരം എടുത്തപ്പോൾ മനസ്സ് എടുത്തില്ല എന്ന് ചിലർ പറയുന്നതുകൊണ്ടാണ് ഇങ്ങനെ പറഞ്ഞത്. ദൈവദ്വേഷിയായ [] മനസ്സ് എടുത്തില്ലെങ്കിൽ അതിനെ രക്ഷിക്കുവാൻ അവന് കഴിയുകയില്ല കാരണം മനസ്സാണ് ആദ്യം പാപം ചെയ്യുന്നതും ദേഹിയേയും ശരീരത്തേയും പാപം ചെയ്യിക്കുന്നതും. മനസ്സ് എടുക്കുന്നില്ലെങ്കിൽ അതിനെ രക്ഷിക്കുവാനും കഴിയുകയില്ല. അതുപോലെ ദേഹിയും ശരീരവും രക്ഷിക്കപ്പെടുകയുമില്ല അതുകൊണ്ട്തന്നെ ദൈവം ജഡം ധരിച്ചതുമില്ല എന്നുവരും. ദൈവം ജഡം ധരിച്ചു എങ്കിൽ അവൻ മനസ്സ് എടുക്കുകയും അതിനെ രക്ഷിക്കുകയും ചെയ്തു. അവൻ മനസ്സ് എടുത്തു എങ്കിൽ ദേഹിയും ശരീരവും എടുത്തു അങ്ങനെ അവയെല്ലാം പൂർണ്ണമായി രക്ഷിക്കപ്പെട്ടു.

[4p] **പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ**. ന്യായാധിപന്റെ പേരും സ്ഥലവും പറയുന്നത് സംബന്ധിച്ച്. പീലാത്തോസ് ന്യായാധിപനും അവന്റെ സ്ഥലം പൊന്തിയോസും (ആകുന്നു). കാരണം മോശയുടെ ന്യായപ്രമാണപ്രകാരം രണ്ട് സാക്ഷികളുടെ സാക്ഷ്യം ആവശ്യമാണ്. രണ്ടോ മൂന്നോ (സാക്ഷികൾ) ഉണ്ടായിരിക്കട്ടെ എന്ന് അത് കൽപ്പിക്കുന്നു. അതുപോലെ, വീണ്ടും, അതായത് *നിനക്കും ആ നീതിമാനും തമ്മിൽ (യാതൊന്നും) ഇല്ല* (മത്താ 27:19) എന്ന് അവന് (സന്ദേശം) അയച്ച അവന്റെ ഭാര്യയും ചേർന്ന് മൂന്ന് (സാക്ഷികൾ) പ്രത്യക്ഷപ്പെടുന്നു. അതുപോലെ സ്ഥലവും സാക്ഷിക്കുന്നു. പൊന്തിയോസ് എന്ന സ്ഥലത്തു നിന്നുള്ള ശതാധിപന്റെ ഇടപെടലിനെയാണ് (സൂചിപ്പിക്കുന്നത്).

[4q] **കഷ്ടതയനുഭവിച്ചു മരിച്ചു അടക്കപ്പെട്ടു ഉയിർത്തെഴുന്നേറ്റു.** കഷ്ടതയനുഭവിച്ചു (എന്ന് പറയുന്നത്) തോന്നൽ വാദക്കാർക്കെതിരേയാണ്. (പുറം 57) ദൈവം കഷടത അനുഭവിച്ചില്ല എന്നാലോ അത് ഒരു മായയായി കാണുകയും വെളിപ്പെടുകയുമാണ് ചെയ്തതെന്ന് അവർ പറയുന്നു. വീണ്ടും, കഷ്ടത അനുഭവിച്ചു എന്നാൽ, നിർദ്ദോഷിയായിട്ടും ദൈവം സ്വീകരിച്ച (സഹനം) ആദാമിന്റെ കളങ്കത്തെ നീക്കിക്കളഞ്ഞു. പാപത്തിൽ മരിച്ചവരെ രക്ഷിക്കുവാൻ



വേണ്ടി അവൻ മരിച്ചു. അടക്കപ്പെട്ടു ഉയിർത്തെഴുന്നേറ്റു. സന്നിദ്രിസംഘാംഗമായ യൗസേഫ് അവനെ അടക്കി. അവനെ ഒരു കഷ്ണം വെള്ളകേത്താനാത്തുണിയിൽ പൊതിഞ്ഞ് കല്ലുകൊണ്ടുള്ള പുതിയ കല്ലറയിൽ വച്ചു. ഉയിർത്തു എന്നാൽ, അവന്റെയും പിതാവിന്റേയും റൂഹായുടെയും ഇഷ്ടത്താൽ അവനെ മരണത്തിന് ഏൽപ്പിച്ചു കൊടുത്തതുപോലെ ദ്രവത്വത്തിന് വിട്ടുകൊടുക്കാതെ അവനെത്തന്നെ ഉയിർപ്പിച്ചു.

[4r] **എഴുതപ്പെട്ടിരിക്കുന്നതുപോലെ മൂന്നാം ദിവസം.** ദിവ്യനായ ഹോശയാ പ്രവാചകൻ പറഞ്ഞപ്രകാരം മൂന്നാം ദിവസം പുത്രന്റെ ആളത്വം പിതാവിനോട് (പറയുന്നു). അവൻ എന്നെ അടിക്കുകയും ആശ്വസിപ്പിക്കുകയും അവൻ എന്നെ മുറിവേൽപ്പിക്കുകയും വച്ചുകെട്ടുകയും ചെയ്യും മൂന്നാം ദിവസം ഉയിർപ്പിക്കുകയും ജീവിപ്പിക്കുകയും അവന്റെ മുമ്പാകെ നിർത്തും (ഹോശയാ 6:1) എന്ന് ദിവ്യനായ ഹോശയാ പ്രവാചകൻ എഴുതിയതുപോലെ.

[4s] **സ്വർഗ്ഗത്തിലേക്ക് കരേറുകയും.** അപ്രകാരം ഭൂമിയിലുള്ള സകല മനുഷ്യരോടും മുമ്പ് കോപിച്ചിരുന്ന തന്റെ പിതാവിനെ മനുഷ്യവംശവുമായി രമ്യപ്പെടുത്തുവാൻ നമ്മിൽ നിന്നെടുത്ത അവന്റെ ശരീരം ആദ്യഫലമായി (സ്വർഗ്ഗത്തിലേക്ക്) കരേറി.

[4t] **അവന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും**. അതായത്, തന്റെ മനുഷ്യാവതാരം മൂലം തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവൻ. തന്റെ പിതാവിന്റെ മുമ്പിൽ അനാദ്യന്തമായി മുമ്പ് അവന് ഉന്നതമായ സ്ഥാനം ഉണ്ടായിരുന്നു. അതേപോല തന്നെ മനുഷ്യനായ ശേഷവും അവനുണ്ടായിരുന്ന (ഉന്ന

താവസ്ഥയ്ക്ക്) ഒട്ടും കുറവു വരാതെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നു.

[4u] **ജീവനുള്ളവരേയും മരിച്ചവരേയും ന്യായം വിധിക്കുവാൻ തന്റെ മഹത്വത്തോടെ വീണ്ടും വരുവാനിരിക്കുന്നവനും.** അതായത്, നമ്മിൽ നിന്നെടുത്ത ശരീരത്തോടെ അവൻ മഹത്വത്തോടെ വീണ്ടും വരും. വീണ്ടും, തന്റെ മഹത്വത്തോടെ അവൻ വരുന്നു. അതായത്, തന്നിൽ അവൻ സ്വീകരിച്ച കഷ്ടതകളെ കാണിച്ചുകൊണ്ട്, അതായത് അവന്റ കുത്തിത്തുളച്ച മാർവ്വും കൈകളിലേയും കാലുകളിലേയും മുറിവുകളോടും കൂടെ, അവൻ പ്രത്യക്ഷനാകുമ്പോൾ. വീണ്ടും, മഹത്വത്തിൽ അവൻ വരും അതായത്, അവന്റെ മാലാഖമാർ ആഘോഷത്തോടെ അവന്റെ മുമ്പാകെ സ്ലീബായും വഹിച്ചുകൊണ്ട് വരും.

വീണ്ടും, **മഹത്വത്തിൽ അവൻ വരുന്നു** എന്നാൽ, ജീവിപ്പിക്കുവാനും നശിപ്പിക്കുവാനും ശക്തിയുള്ളവനായ ദൈവത്തേപ്പോലെ. അതായത്, തന്റെ കൽപ്പനകളെ കാത്തവരെ ജീവിപ്പിക്കുകയും അവനിൽ വിശ്വസിക്കുവാൻ മനസ്സില്ലാതെ വിശ്വാസത്യാഗത്താലോ വിശ്വസിക്കുമ്പോൾത്തന്നെ തങ്ങളുടെ പ്രവർത്തികളാൽ അവനെ നിരസിച്ചവരോ, അതായത് ബ്രഹ്മചര്യം, വിശുദ്ധി, വെടിപ്പ്, ഇതുപോലെയുള്ള മറ്റ് നന്മപ്രവർത്തികൾ ചെയ്യുവാൻ വിമുഖത കാണിച്ചവരോ ആയി അവനെ നിരസിച്ചവരെ നശിപ്പിക്കുവാനും അവൻ വരുന്നു.

[4v] **തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനും.** അതായത്, കടന്നുപോകുന്ന ഈ ലോകത്തെപ്പോലെയും കടന്നുപോകുന്ന ദൈവരാജ്യത്തേപ്പോലെയും അല്ല (*എന്തുകൊണ്ട് അദ്ദേഹം ദൈവരാജ്യം കടന്നുപോകുന്നു എന്ന് എഴുതിയിരിക്കുന്നു എന്നറിയാൻ പാടില്ല. തുടർന്നു വരുന്ന വാചകത്തിൽ ദൈവരാജ്യം മാറിപ്പോകുന്നില്ല എന്ന് വ്യക്തമായി പറയുന്നുമുണ്ട്. ഒരു പക്ഷേ അല്ല എന്ന പദം വിട്ടുപോയതായിരിക്കാം*). എന്നാലോ, ദൈവം മാറിപ്പോകാത്തതുപോലെ അവന്റെ രാജ്യവും മാറിപ്പോകുകയില്ല. അതുപോലെ സകല നീതിമാന്മാരും പുണ്യവാന്മാരും ദൈവരാജ്യത്തിൽ എത്തുമ്പോൾ അവരുടെ സന്തോഷം അവസാനിക്കുകയില്ല അവരുടെ ആഹ്ലാദവും അവസാനിക്കുകയുമില്ല.

[4w] **സകലത്തേയും ജീവൻ നൽകുന്ന കർത്താവായ ഏകറൂഹായിലും.** പിതാവ് ഒരു ആളത്വം ആയിരിക്കുന്നതുപോലെ പുത്രനും ഒരു ആളത്വം ആകുന്നു. അവരിൽ ഒരാളായ പരിശുദ്ധറൂഹായും ഒരു ആളത്വം ആകുന്നു.

അവൻ ജീവൻ നൽകുന്നവനായ കർത്താവാകുന്നു. അവൻ സകലത്തേയും ജീവിപ്പിക്കുന്നവനാകുന്നു. ഇത് ഉൽപ്പത്തിപ്പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതിൽ നിന്ന് യഥാർത്ഥമായി മനസ്സിലാക്കാം. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മീതെ ആവസിച്ചു അതുപോലെ വിശുദ്ധ മാമോദീസായിലും ഇറങ്ങുന്നവൻ അവനാകുന്നു. അവനിൽക്കൂടെ മാമോദീസാ ഏൽക്കുന്ന സകലർക്കും ജീവൻ നൽകപ്പെടുന്നു.

[4x] **അവൻ പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നു.** പിതാവിൽനിന്ന് പുറപ്പെടുന്ന റൂഹാ കാണിക്കുന്നത് പുത്രനും റൂഹായും പിതാവിൽ നിന്നാണെങ്കിൽ പോലും പുത്രന്റെയും റൂഹായുടെയും കാരണം പിതാവാകുന്നു. എന്നാൽ കാരണങ്ങളെ, അതായത് പുത്രനെ റൂഹായിൽ നിന്നും റൂഹായെ പുത്രനിൽ നിന്നും വ്യതിരിക്തമായി കാണിക്കുന്നു. അവർ ആളത്വത്തിൽ വ്യത്യസ്തരാകുന്നു. കാരണം പുത്രന്റെ ആളത്വമല്ല പരിശുദ്ധ റൂഹായുടേത് അതുപോലെതന്നെ പരിശുദ്ധറൂഹായുടേതല്ല പുത്രന്റേത്. എന്നാലോ അവരിൽ ഓരോരുത്തരുടേയും ആളത്വം പ്രത്യേകമാണ്.

അവൻ പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നു. പിതാവും പുത്രനും ദൈവമാകയാൽ ആരാധിക്കപ്പെടുന്നതുപോലെ പരിശുദ്ധ റൂഹാ അവരോടുകൂടെ വന്ദിക്കപ്പെടുന്നു. കാരണം അവൻ പിതാവിനേയും പുത്രനേയും പോലെ കർത്താവും ദൈവവും ആകുന്നു. സ്തുതിക്കപ്പെടുന്നു. അതായത്, ഉണ്ടായിരിക്കുന്നവരിൽ ഓരോരുത്തരുടേയും സ്രഷ്ടാവ് അവനായിരിക്കുന്നു എന്ന് അറിയുകയും മനസ്സിലാക്കുകയും ചെയ്തിട്ടുള്ള എല്ലാവരാലും അവൻ സ്തുതിക്കപ്പെടും.

[4y] **പ്രവാചകന്മാരാലും ശ്ലീഹന്മാരാലും സംസാരിച്ചവനും ശ്ലൈഹികമായ ഏകസഭയിലും.** അതായത്, നിബിയന്മാർ മുഖാന്തിരം സംസാരിച്ചവൻ കാരണം [] അവനായിരുന്നു *കർത്താവിന്റെ ആത്മാവ് ഭൂമുഖത്തിൽ നിറഞ്ഞിരിക്കുന്നു* (ജ്ഞാനം 1:7) എന്ന് ജ്ഞാനിയായ ശലോമോൻ പറഞ്ഞതുപോലെ പ്രവാചകന്മാരെ പ്രേരിപ്പിച്ചുകൊണ്ടിരുന്നത്. *കർത്താവിന്റെ കൈ എന്റെമേൽ*



ഉണ്ടായിരുന്നു കർത്താവിന്റെ ആത്മാവിനാൽ പുറത്തുകൊണ്ടുവന്നു (യെസക്കിയേൽ 37:1) എന്ന് യെസക്കിയേൽ പ്രവാചകൻ പറഞ്ഞതുപോലെയും വീണ്ടും, അതുപോലെ, *ശക്തമായി പർവ്വതങ്ങളെ ഇളക്കുകയും പാറകളെ പിളർക്കുകയും ചെയ്യുന്നു* (1 രാജാ. 19:11) എന്ന് പറഞ്ഞിരിക്കുന്നതുപോലെ.

ശ്ലീഹന്മാർ മുഖാന്തിരം. മാളികമുറിയിൽ വച്ച് അവർ സകല ജാതികളുടേയും ഭാഷയിൽ സംസാരിച്ചപ്പോൾ.

ശ്ലൈഹികമായ ഏകസഭയിലും. ഏകസഭയിലും. അനേക വിശ്വാസ വിപരീതികൾ സഭകൾ എന്ന് പറയുന്നു, എന്നാൽ പരിശുദ്ധാത്മാവ് അവർ മുഖാന്തിരം സംസാരിക്കുകയില്ല അവരിൽ കൂടി സംസാരിക്കുകയില്ല. വീണ്ടും, ശ്ലീഹന്മാരെ പിൻചെല്ലുന്നവർ എന്നാണ് സഭയെന്നാൽ സൂചിതമാകുന്നത്. ശ്ലീഹന്മാരിലൂടെ റൂഹാ എങ്ങനെ സംസാരിച്ചോ അങ്ങനെതന്നെ അവരുടെ ശിഷ്യന്മാരിലൂടെയും (അവൻ സംസാരിക്കും).

ശ്ലൈഹികം. പഴയ മനുഷ്യനെ അവളുടെ സകല പ്രവൃത്തികളോടും കൂടെ പരിപൂർണ്ണമായി അവൾ ഉരിഞ്ഞുകളഞ്ഞു.

[4z] **കാതോലികം.** അവളെ സകല ജാതികളിൽ നിന്ന് കൂട്ടിച്ചേർത്തു.

പുകഴ്ത്തി. അതായത്, പുതിയ ലോകത്തിൽ ക്രിസ്തു അവന്റെ സകല മാലാഖമാരോടും കൂടെ അവളെ പുകഴ്ത്തും.

[4aa] **ഏക മാമോദീസായിൽ ഞങ്ങൾ വിശ്വസിക്കുന്നു.** മാമോദീസാകൾ എന്ന് പലരും പറയുന്നു എങ്കിൽപോലും പരിശുദ്ധാത്മാവ് ഏകനാകുന്നു അവളിലൂടെ നാം ദൈവമക്കളായിത്തീർന്നു.

പാപങ്ങളുടെ മോചനത്തിന്. പരിശുദ്ധാത്മാവ് ദൈവമാകുന്നു എന്ന് നാം ഏറ്റുപറയുമ്പോൾ നമ്മുടെ പാപങ്ങൾ അവൻ ക്ഷമിച്ചുതരും.

[4bb] **മരിച്ചുപോയവരുടെ ഉയിർപ്പിനായി ഞങ്ങൾ നോക്കിപ്പാർക്കുന്നു.** ഞങ്ങൾ അവനെ (പരിശുദ്ധാത്മാവിനെ) ഏറ്റുപറയുമ്പോൾ അവൻ നമ്മോടുകൂടെ ആയി. അവൻ ഒരുതരത്തിലും നമ്മിൽനിന്ന് മാറിപ്പോകുന്നില്ല അവനാൽ നാം മരണത്തിൽ നിന്ന് ഉയിർത്തെഴുന്നേൽക്കും.

[4cc] **വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി, ആമ്മീൻ.** ഇവിടെ അവൻ നമ്മോടുകൂടെയും നാം പുതിയ ജീവനിൽ ആയിരിക്കുകയും നാം ജഡത്തിനും അതിന്റെ മോഹങ്ങൾക്കും അതീതമായിരിക്കുകയും ചെയ്യും. എന്നാലോ പുതിയ ലോകത്തിൽ നാം കൂടുതൽ അവന്റേതാകും. അതായത്, നാം ആത്മീയരായിത്തീരും, അവിടെ യവനനെന്നോ വിജാതീയനെന്നോ ദാസനെന്നോ സ്വതന്ത്രനെന്നോ ഇല്ല. എന്നാലോ എല്ലാവരും സ്വതന്ത്രരും ആകൽക്കറുസായിൽ നിന്നും അവന്റെ പ്രവർത്തനങ്ങളിൽ നിന്നും പൂർണ്ണമായി സ്വതന്ത്രരായിരിക്കും.

ആമ്മീൻ. അതായത്, പരിശുദ്ധ സഭയുടെ സന്താനങ്ങളെ നിങ്ങൾക്കുണ്ടായിരിക്കട്ടെ.

[5] കൂറോബോയുടെ വ്യാഖ്യാനം അവസാനിക്കുന്നു. ഭോഷമായി വ്യാഖ്യാനിക്കുകയല്ല എന്നാലോ വാക്യങ്ങളിൽ ഓരോന്നിലൂടെയും കടന്ന് ശക്തിക്കനുസരിച്ച് വ്യാഖ്യാനിച്ചു. അവയിൽ ഒന്നുപോലും നാം വിട്ടുകളഞ്ഞില്ല.

(തുടരും)

ലാവണ്യദർശനം

വൈദിക ശുശ്രൂഷയ്ക്കുള്ള ദൈവവിളി

ഫാ. ഡോ. കെ. എം. ജോർജ്

റോമൻ കത്തോലിക്കാ സഭയിൽ കുറച്ചു പ്രായമായിട്ട് വൈദിക സേവന പരിശീലനത്തിനു വരുന്നവരെ Late Vocation എന്നു വിശേഷിപ്പിക്കാറുണ്ട്. താമസിച്ചു ദൈവവിളി കിട്ടിയവർ എന്നർത്ഥം. കത്തോലിക്കർ അതു പറയാൻ കാരണമുണ്ട്. 14-15 വയസ്സു മുതൽ പെറ്റി സെമിനാരി എന്ന് ഒരു കാലത്ത് അറിയപ്പെട്ടിരുന്ന മൈനർ സെമിനാരികളിൽ ആൺകുട്ടികളെ പ്രവേശിപ്പിച്ച് അവരെ പൊതുസ്കൂളുകളിൽ അയച്ച് പൊതുവിദ്യാഭ്യാസം നൽകി ക്രമേണ വൈദിക സെമിനാരികളിലേക്കും സന്യാസ ആശ്രമങ്ങളിലേക്കും ഉപനയിക്കുന്ന രീതിയാണ് ഉള്ളത്. ആ ക്രമം അനുസരിച്ചാണെങ്കിൽ 24-ാം വയസ്സിൽ ഒരാൾക്ക് കത്തോലിക്കാ വൈദികനാകാൻ കഴിയും. സന്യാസ സമൂഹത്തിൽ ചേർന്നാലും അല്ലെങ്കിലും വൈദികർ അവിവാഹിതരുമാണ്. പെറ്റിസെമിനാരിയിലൊന്നും ചേരാതെ, സ്കൂളിലോ കോളജിലോ പഠിച്ച് ഇരുപത്തിയഞ്ചോ മുപ്പതോ മുപ്പത്തഞ്ചോ വയസ്സ് പ്രായമുള്ള ഒരാൾ സെമിനാരിയിൽ ചേരാൻ വന്നാലും അവർ അതിനെ Late Vocation എന്നു വിശേഷിപ്പിക്കുന്നു.

എന്നാൽ ഓർത്തഡോക്സ് സഭകളിൽ അങ്ങനെയൊരു പ്രയോഗം കേട്ടിട്ടില്ല. കാതോലിക്കായായിരുന്ന മാത്യൂസ് പ്രഥമൻ ബാവാ, അടൂർ ചാവടിയിൽ റവ. ഡോ. സി. റ്റി. ഈപ്പൻ, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തുടങ്ങി പല പ്രഗൽഭരും മദ്ധ്യവയസ്സിൽ പട്ടം സ്വീകരിച്ചവരാണ്. എനിക്ക് ആദരണീയ സഹപ്രവർത്തകരായിരുന്ന ഇപ്പോഴത്തെ റുമേനിയൻ പാത്രിയർക്കീസ് ഡാനിയൽ, പ്രശസ്ത ഗ്രീക്ക് വേദപണ്ഡിതനായിരുന്ന John Zizioulas (1931–2023) മെത്രാപ്പോലീത്താ തുടങ്ങിയ പ്രശസ്തരും നല്ല പ്രായമായി പട്ടമേറ്റവരാണ്. കോട്ടയത്തെ പഴയസെമിനാരിയിൽ നാൽപ്പതിനടുത്ത് പ്രായമായശേഷവും വന്നു പഠിച്ചവരെ ഓർക്കുന്നു. പ്രീസെമിനാരി എന്ന പേരിൽ പല വർഷങ്ങൾ മെത്രാന്മാരുടെ അരമനകളിലും മറ്റും കഴിഞ്ഞ് പല പ്രാവശ്യം ബിരുദ പരീക്ഷകളൊക്കെ എഴുതി, നല്ല പ്രായമായിട്ട് വരുന്നവരും ഉണ്ട്. അപ്പോൾ ദൈവവിളിക്ക് പ്രായപരിധിയൊന്നും സഭയിൽ കല്പിച്ചിട്ടില്ല. ഒരു സമയത്ത് വൈദികരുടെ ക്ഷാമം ഉണ്ടായതുകൊണ്ടും, ലോകത്തിൽ ഉത്തരവാദപ്പെട്ട ചുമതലകൾ നന്നായി നിർവഹിച്ചവരെ വൈദികരായി ലഭിച്ചാൽ നന്നാണെന്നുമുള്ള ചിന്ത കൊണ്ടുമായിരിക്കാം സർക്കാർ ജോലിയിലും മറ്റ് രംഗങ്ങളിലും പ്രവർത്തിച്ചുകൊണ്ടിരുന്ന ചിലർക്ക് ഹ്രസ്വകാല വൈദിക പരിശീലനം കൊടുത്ത് പട്ടം കൊടുത്തിട്ടുണ്ട്. അവരിൽ ചിലരൊക്കെ സഭയ്ക്ക് ഉത്തമമായ വൈദിക ശുശ്രൂഷ കാഴ്ച വയ്ക്കുകയും ചെയ്തു. അപ്പോൾ ആർക്കാണ് ദൈവവിളി, ഏത് പ്രായത്തിലാണ് അത് ഉണ്ടാവുക എന്നൊന്നും കൃത്യമായി കണ്ടെത്താൻ ആവില്ല. സെമിനാരികളിൽ അനുഭവപരിചയം ഉള്ള ആളുകളോടു ചോദിച്ചാൽ പറയും, അവിടെ പ്രവേശനം ലഭിക്കുന്ന ഭൂരിപക്ഷം വിദ്യാർത്ഥികളും ദൈവവിളിയെക്കുറിച്ചൊന്നും ഗൗരവമായി ചിന്തിക്കാൻ അവസ്സരം കിട്ടിയവരല്ല എന്ന്. അതൊരു കുറവല്ല. മദ്ബഹായിൽ ശുശ്രൂഷിച്ചും, സണ്ടേസ്കൂളിലും യുവജനപ്രസ്ഥാനത്തിലും പ്രവർത്തിച്ചും വൈദിക അനുഷ്ഠാനങ്ങളുമായി പരിചയപ്പെട്ടും ഒരു വൈദികൻ ആകുന്നത് എന്തുകൊണ്ടും അഭികാമ്യമാണെന്നു വിചാരിക്കുന്ന നല്ല ചെറുപ്പക്കാരായിരിക്കും അവർ നല്ല പങ്കും. അക്കാദമികമായി പഠിക്കുന്നതോ വായിക്കുന്നതോ ബൗദ്ധിക വ്യവഹാരങ്ങളിൽ ഏർപ്പെടുന്നതോ ഒന്നും വൈദികശുശ്രൂഷയ്ക്ക് അത്ര ആവശ്യമില്ലെന്നു വിചാരിക്കുന്ന ധാരാളംപേർ ആ കൂട്ടത്തിലുണ്ട്. നല്ല "പാട്ടു കുർബാന", കൂദാശാനുഷ്ഠാന പൂർത്തീകരണം, സംഘാടകശേഷി എന്നിവയൊക്കെ ഉള്ള ഒരാൾ മതി എന്ന സങ്കല്പം പൊതുവെ നമ്മുടെ ജനങ്ങൾക്കിടയിലും ഉണ്ടല്ലോ. തീർച്ചയായും അത്യാവശ്യമുള്ള നല്ല ഗുണങ്ങളാണ് ഇവയെല്ലാം. അതുകൊണ്ട് സെമിനാരി പരിശീലനം കഴിയുമ്പോൾ അവർക്ക് മിക്കവർക്കും നല്ല ഇടവക വികാരിമാരായി ശോഭിക്കാൻ കഴിയുന്നുണ്ട്. അത് നമ്മെ സന്തോഷിപ്പിക്കേണ്ടതാണ്.

നമ്മുടെ വൈദിക സങ്കല്പം ഇങ്ങനെയായതുകൊണ്ടായിരിക്കാം സഭയിൽ ഒരിക്കലും മിഷണറി പ്രസ്ഥാനങ്ങൾ വിജയിക്കാത്തത്. വ്യവസ്ഥാപിതമായ ഒരു ഇടവകയിൽ വിശുദ്ധ കൂദാശകളും പെരുന്നാളുകളും കൺവൻഷനും



മലങ്കരയുടെ ചെറിയ വട്ടത്തിനു പുറത്ത് വിവിധ മതങ്ങളും സംസ്കാരങ്ങളും ഭാഷകളും നിലനിൽക്കുന്ന സ്ഥലങ്ങളിൽ ക്രിസ്തുസാക്ഷ്യം നിറവേറ്റുക എന്നത് നമ്മുടെ അജണ്ടായിൽ കാര്യമായി സഭ പരിഗണിച്ചിട്ടില്ല. ഭാഗ്യവശാൽ സഭയുടെ മിഷനറി ദൗത്യത്തെ സ്വജീവിതം കൊണ്ട് കാണിച്ചുതന്ന ചില ഉദാഹരണങ്ങൾ പരുമല തിരുമേനി മുതൽ നമുക്കുണ്ട്.

ഭംഗിയായി നടത്തുകയും, പഴയ കെട്ടിടങ്ങൾ, മതിലുകൾ എന്നിവയെല്ലാം ഇടിച്ചുകളഞ്ഞ് പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും, നല്ല തണൽമരങ്ങൾ വെട്ടിമാറ്റുകയും പുതിയവ നടാതിരിക്കുകയും ചെയ്താൽ വൈദിക ശുശ്രൂഷ പൂർത്തിയായി എന്ന് നമുക്കൊരു പൊതുധാരണ ഉണ്ടല്ലോ.

എന്നാൽ മിഷണറി പ്രസ്ഥാനത്തിൽ കുറേയേറെ സാഹസികതയുണ്ട്. മലങ്കരയുടെ ചെറിയ വട്ടത്തിനു പുറത്ത് വിവിധ മതങ്ങളും സംസ്കാരങ്ങളും ഭാഷകളും നിലനിൽക്കുന്ന സ്ഥലങ്ങളിൽ ക്രിസ്തുസാക്ഷ്യം നിറവേറ്റുക എന്നത് നമ്മുടെ അജണ്ടായിൽ കാര്യമായി സഭ പരിഗണിച്ചിട്ടില്ല. ഭാഗ്യവശാൽ

സഭയുടെ മിഷനറി ദൗത്യത്തെ സ്വജീവിതംകൊണ്ട് കാണിച്ചുതന്ന ചില ഉദാഹരണങ്ങൾ പരുമല തിരുമേനി മുതൽ നമുക്കുണ്ട്. പക്ഷേ അതിനു പിൻതുടർച്ചയില്ല. ഇപ്പോൾ വൈദിക സെമിനാരികളിൽ പ്രവേശനത്തിന്റെ എണ്ണം തീരെ കുറച്ചു. കാരണം പുതിയ ഇടവകകൾ ഇല്ല. വൈദികരുടെ എണ്ണം അധികമാകുന്നു. ഏതാണ്ട് 20 വർഷങ്ങൾക്കു മുമ്പ് ഈ കാര്യം മുൻകൂട്ടി കണ്ടുകൊണ്ട് കോട്ടയം പഴയസെമിനാരി ഫാക്കൽറ്റി "ഇടവകേതര ശുശ്രൂഷ"കളെക്കുറിച്ച് ചില നിർദ്ദേശങ്ങൾ സുന്നഹദോസിന് സമർപ്പിച്ചിട്ടുണ്ട്. അതിപ്പോഴും ആരും പരിഗണിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഈ ലേഖകൻ തന്നെ വ്യക്തിപരമായ നിലയിലും എളിയ നിർദ്ദേശങ്ങൾ പലതും സമർപ്പിച്ചിട്ടുണ്ട്. ഉദാഹരണമായി, രണ്ടു വൈദിക സെമിനാരികളിലെയും പഠനം പൂർത്തിയാക്കുന്ന ശെമ്മാശന്മാരെ എല്ലാവരെയും രണ്ടു മൂന്നു വർഷങ്ങൾ മിഷൻ കേന്ദ്രങ്ങളിലേക്ക് അയക്കണം. 25-27 വയസ്സിനകം അവർ സെമിനാരി പരിശീലനം പൂർത്തീകരിച്ചിരിക്കും എന്ന ധാരണയിലാണ് ഇതു പറയുന്നത്. പ്രീസെമിനാരി രീതി ഇപ്പോൾ മാറ്റിയതുകൊണ്ട് കോളജ് ബിരുദം കഴിഞ്ഞാലുടനെ യോഗ്യരായവർക്ക് സെമിനാരിയിൽ ചേരാൻ കഴിയും. നമ്മുടെ നിലവിലുള്ള മിഷൻ കേന്ദ്രങ്ങൾക്കു പുറമെ പുതിയ സ്ഥലങ്ങൾ കൂടി കണ്ടെത്താൻ കഴിയണം. ഒരു വർഷം രണ്ടു സെമിനാരികളിൽ നിന്നുമായി 30 പേരെയെങ്കിലും അയച്ചാൽ, രണ്ടു വർഷത്തിനകം അവരിൽ മൂന്ന് നാല് പേരെങ്കിലും അവരുടെ ദൈവവിളി യഥാർത്ഥമായി കണ്ടെത്തുകയും, മിഷൻ രംഗത്ത് അവരുടെ ആശയങ്ങളും സർഗ്ഗശേഷിയും ഭാവനയും ദൈവാശ്രയവും കൈമുതലാക്കി പുതിയ വഴികൾ കണ്ടെത്തുകയും ചെയ്യും. ഇനി കേരളത്തിൽ സാധാരണ ഇടവക വൈദികരാകാൻ തങ്ങൾ മടങ്ങിവരില്ല എന്ന തീരുമാനവും ചിലർക്ക് ഉണ്ടായേക്കാം. ഓരോ വർഷവും അങ്ങനെ പൂർണ്ണസമർപ്പണമുള്ള മൂന്നുനാലുപേരെ എങ്കിലും ലഭിച്ചാൽ, പത്തു വർഷം കൊണ്ട് സഭയ്ക്ക് മിഷൻ രംഗത്ത് അഭിമാനാർഹമായവിധം പ്രവർത്തിക്കുന്ന പത്തുമുപ്പത് വൈദികരെ കിട്ടുമെന്ന് പ്രതീക്ഷിക്കാം. പുതിയ മേൽപ്പട്ടക്കാരെ ആവശ്യം വരുമ്പോൾ കഴിഞ്ഞ കുറെ വർഷങ്ങളായി നമുക്കനുഭവപ്പെട്ട കടുത്ത ദാരിദ്ര്യം ബന്ധപ്പെട്ടവർ ഓർക്കുന്നുണ്ട്. അതിനും ഒട്ടൊക്കെ പരിഹാരം ഉണ്ടാകും.



മിഷൻ രംഗത്തേക്ക് പോകുന്ന സെമിനാരി വിദ്യാർത്ഥികൾക്ക്, പുതിയ ഭാഷകളും സംസ്കാരങ്ങളും പഠിക്കുന്നതിനും ലോകം വളരെ വിശാലമാണ് എന്ന് മനസ്സിലാക്കുന്നതിനും കഴിയും. അതിനു ശേഷം ഇടവക ശുശ്രൂഷയിൽ വന്നാൽ, ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകും. ദീർഘവീക്ഷണത്തിൽ ഇതെല്ലാം സഭയ്ക്ക് ഭാവിയിൽ അനുഗ്രഹമായി മാറും.

കേരളത്തിനു പുറത്തുള്ള മിഷൻ രംഗം മുമ്പിൽകണ്ട് ശ്രേഷ്ഠനായ സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായുടെ (കൽക്കട്ട ഭദ്രാസനം) നേതൃത്വത്തിൽ ആരംഭിച്ച നാഗ്പൂർ സെമിനാരി, അതെല്ലാം വിട്ട്, കേരളത്തിലെ ഇടവകകളിൽ ഒതുങ്ങുന്ന പട്ടക്കാരെ മാത്രം സൃഷ്ടിക്കുന്ന അവസ്ഥയിലേക്കാണല്ലോ നീങ്ങുന്നത്. മലയാള ഇടവകകൾക്ക് ഇനി കൂടുതൽ പട്ടക്കാരെ അവിടെനിന്ന് ആവശ്യമില്ലാത്തതുകൊണ്ട്, അതിന്റെ ഭാവിയും ചർച്ചാ വിധേയമാണ്. അപ്പോൾ പുതിയൊരു സങ്കൽപ്പം ആവശ്യമാണ്. കോട്ടയത്തു പഠിച്ചിറങ്ങുന്ന ഓരോ ബാച്ചിന്റെയും മുൻസൂചിപ്പിച്ച മിഷൻ പരിശീലനവും അവരുടെ രണ്ടു മൂന്നു വർഷത്തെ പ്രവർത്തന മേൽനോട്ടവും നടത്താൻ നാഗ്പൂർ സെമിനാരി നല്ലൊരു കേന്ദ്രമാക്കി രൂപാന്തരപ്പെടുത്താം. ഇന്ത്യയിലെ തന്നെ വിവിധ ഭാഷകൾ പഠിപ്പിക്കാനും, ഇടവകേതര തലങ്ങളിൽ ഇടയസേവനം നടത്താനും പുതിയ സാഹചര്യങ്ങളിൽ പുതിയ വെല്ലുവിളികൾ നേരിടാനും, ആരാധനാക്രമങ്ങൾ ഉചിതമായി പുതിയ ചുറ്റുപാടുകളിൽ ഉപയോഗിക്കാനുമൊക്കെ കഴിവുള്ള ഒരു പരിശീലക ടീമിനെ അവിടെ ഫാക്കൽറ്റിയായി നിയമിക്കാവുന്നതാണ്.

ഭദ്രാസനങ്ങളുടെ സഹകരണത്തോടും എന്നാൽ സഭയുടെ പൊതു ഉത്തരവാദിത്തത്തോടും കൂടി വേണം ഈ മിഷൻ രംഗത്തേക്ക് അയക്കാൻ. ഇതുവരെ ഓരോ ഭദ്രാസനവും വൈദികപരിശീലനത്തിൽ അതിന്റെ സ്വന്തം താൽപ്പര്യങ്ങൾ മാത്രമാണ് പ്രധാനമായും പരിഗണിച്ചിരുന്നത്. പൊതുവിന്റെ ആവശ്യമായി വേണം മിഷൻ പരിശീലനം. അതിനുള്ള സാമ്പത്തിക ക്രമീകരണം നടത്താൻ മലങ്കരസഭയ്ക്ക് കഴിയും. മിഷണറി പരിശീലനം നേടുന്ന ശെമ്മാശന്മാർക്ക് മുപ്പതു വയസ്സിനകം വിവാഹിതരായോ അല്ലാതെയോ കശ്ശീശാപട്ടം നൽകുകയും അവരവരുടെ ഭദ്രാസനങ്ങളിൽ സർവ്വീസ് നഷ്ടപ്പെടാതെ നിയമിക്കപ്പെടുകയും ചെയ്യാം.

ഇതു പറയുമ്പോൾ എല്ലാ കോണുകളിൽ നിന്നും എതിർപ്പും തടസ്സവാദങ്ങളും ഉണ്ടാകും എന്നറിയാം. പക്ഷേ നമ്മുടെ സഭയുടെ ഭാവിക്കുവേണ്ടിയാണ് എന്നു ഗൗരവമായി ചിന്തിച്ചാൽ ഇതൊന്നും അസാധ്യമല്ല. കുറെ വർഷങ്ങളായി, മലങ്കരയുടെ വട്ടം ചുരുക്കിച്ചുരുക്കി ഒരു കൊച്ചു പൊട്ടായി നാം മാറിക്കൊണ്ടിരിക്കുകയാണ്. പലർക്കും അതൊരു സൗകര്യവും സന്തോഷവുമായിരിക്കാം. ഇപ്പോൾ എല്ലാ വ്യവഹാരങ്ങളുടെയും അന്തിമഫലം വെട്ടിമുറിക്കലും വട്ടംചുരുക്കലുമാണല്ലോ. കുഴിയാനയുടെ പേരിൽ 'ആന' എന്നുള്ളതുകൊണ്ട്, ചില കുഴിയാനകൾക്ക് തങ്ങൾ ശരിക്കും ആനകളാണ് എന്ന 'മെഗാലോമേനിയ' രോഗം ഉണ്ടാകാനിടയുണ്ട് എന്നതും മറക്കരുത്.

ഈ ലേഖകൻ ഉൾപ്പെടെയുള്ള വയോവൃദ്ധജനങ്ങളാൽ 'അലംകൃതവും പരിപൂരിത'വുമായ നമ്മുടെ സാധാരണ ഇടവകകൾ എങ്ങനെയാവും മുമ്പോട്ടു പോവുക എന്ന ചോദ്യവും ഗൗരവമായി നാം എടുക്കണം. അധികം ചെറുപ്പക്കാരില്ല. വലിയ പള്ളികൾ നിറയ്ക്കാൻ ആളില്ല. പണവും കുറയും. കത്തോലിക്കാ, പ്രൊട്ടസ്റ്റന്റ് സഭകളിലെല്ലാം അതി ഭീമമായ വിദേശ സഹായമുണ്ട്. മലങ്കരസഭയിൽ നമ്മുടെ ആളുകൾ സന്തോഷപൂർവ്വം നൽകുന്ന നേർച്ചകാശു മാത്രമേയുള്ളൂ. മലങ്കരസഭയ്ക്ക് 'മിഷൻ' എന്നു പറഞ്ഞാൽ മതംമാറ്റമോ ആളെപ്പിടുത്തമോ അല്ല എന്നത് പകൽപോലെ എല്ലാവർക്കും വ്യക്തമാണ്. സർക്കാരുകൾക്കും അതറിയാം. എങ്കിലും ഇന്ത്യയിലെ മാറിയ സാഹചര്യങ്ങളിൽ നാം കുറെ കഷ്ടതകൾ അനുഭവിക്കേണ്ടി വരും. "ക്രിസ്തുവിൽ വിശ്വസിക്കാൻ മാത്രമല്ല, അവനുവേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്ക് വരം ലഭിച്ചിരിക്കുന്നു" എന്ന് പൗലോസ് ശ്ലീഹാ ഫിലിപ്പിയയിലെ പുതുക്രിസ്ത്യാനികളോടു പറയുന്നു (ഫിലി. 1:29). എണ്ണം ചെറുതാണെങ്കിലും മലങ്കരസഭയുടെ വലിയ മിഷനറി പിതാക്കന്മാരൊക്കെ ഈ കഷ്ടതയാകുന്ന "വരം" സന്തോഷത്തോടെ സ്വീകരിച്ചവരായിരുന്നു. ജനങ്ങളെ മറക്കുന്ന രാഷ്ട്രീയാധികാരികളുടെ കാലുകൾ കഴുകാനും സ്തുതിപാഠകരാകാനുമല്ല നമ്മുടെ ഇടയശ്രേഷ്ഠരെ ജനങ്ങൾ തിരഞ്ഞെടുത്ത് പരിപാലിക്കുന്നത്. യേശുക്രിസ്തുവിന്റെ ജീവൻ നൽകുന്ന സുവിശേഷത്തിന് അനുസൃതമായി മനുഷ്യരെ നയിച്ച്, അവരുടെ ആത്മികവും ഭൗതികവുമായ യാത്രയിൽ അവരോടൊപ്പം നിന്ന്, നീതിയും സത്യവും സമാധാനവും നിൽനിൽക്കുന്ന ഇടമായി സഭയെ രൂപാന്തരപ്പെടുത്താനാണല്ലോ നമ്മുടെ ദൈവവിളി.

❑

മേരി ക്യൂറി ഫെലോഷിപ്പ് ഡോ. അലീനാ അലക്സിന്



ലണ്ടൻ: സ്പെയിനിലെ ബാസ്ക് യൂണിവേഴ്സിറ്റിയിൽ മൂന്ന് വർഷത്തെ മേരി ക്യൂറി ഫെലോഷിപ്പ് ഡോ. അലീനാ അലക്സിന് ലഭിച്ചു. യു.കെ. ഭദ്രാസനത്തിലെ ന്യൂകാസിൽ സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ച് ഇടവകാംഗം ആണ്. കോഴിക്കോട് സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗങ്ങളായ ഡോ. അലക്സ് ഉമ്മന്റെയും (പ്രൊഫസർ, സർജൻ; കോഴിക്കോട് മെഡിക്കൽ കോളജ്) സാമൂഹ്യ പ്രവർത്തകയായ ഡോ. ബീനാ ഉമ്മന്റെയും (പ്രൊഫസർ, ഇഎൻടി; കോഴിക്കോട് മെഡിക്കൽ കോളജ്) മകളാണ്. ന്യൂകാസിൽ യൂണിവേഴ്സിറ്റിയിൽ പോസ്റ്റ് ഡോക്ടറൽ റിസേർച്ച് അസോസിയേറ്റ് ആയിരുന്നു.

വചനതീർത്ഥം



“സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനെക്കാൾ വലിയവൻ ആരുമില്ല.”


പെന്തിക്കോസ്തിക്കുശേഷം ഒന്നാം ഞായറാഴ്ച. വി. ലൂക്കോസ് 7:27–35

ഫിലിപ്പോസ് റമ്പാൻ
(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)

നമ്മുടെ ആരാധനയിൽ വി. കുർബ്ബാന പരസ്യമായി ആരംഭിക്കുമ്പോൾ, കാർമ്മികൻ ആദ്യമായി ചൊല്ലുന്ന പ്രാർത്ഥന “നിന്നെ പ്രസവിച്ച മറിയാമും നിന്നെ മാമോദീസാ മുക്കിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കുന്നു” എന്നാണ്. കർത്താവിനെക്കുറിച്ച് ആദ്യമായി സാക്ഷ്യം നൽകി, കർത്താവിന്റെ ആഗമനത്തിനുള്ള വഴിഒരുക്കിയത് യോഹന്നാൻ സ്നാപകൻ ആണ്. യോഹന്നാൻ സ്നാപകന്റെ ജനനവും മരണവും നാം അനുസ്മരിക്കുന്നു. എല്ലാ സുവിശേഷങ്ങളിലും യോഹന്നാൻ സ്നാപകനെക്കുറിച്ചുള്ള പരാമർശങ്ങൾ നമുക്ക് കാണാൻ കഴിയും. യേശുക്രിസ്തു തന്റെ പരസ്യശുശ്രൂഷ ആരംഭിച്ചപ്പോൾ അനേക അത്ഭുതപ്രവൃത്തികൾ ചെയ്തു രോഗികളെ സൗഖ്യമാക്കി മരിച്ചവരെ ഉയിർപ്പിച്ചു. ഇതൊക്കെ കാണുകയും കേൾക്കുകയും ചെയ്തപ്പോൾ യോഹന്നാൻ സ്നാപകൻ തന്റെ ശിഷ്യന്മാരെ രണ്ടുപേരെ വിളിച്ച് യേശുവിന്റെ അടുക്കൽ അയക്കുന്നു. “വരുവാനുള്ളവൻ നീയോ, അല്ല ഞങ്ങൾ മറ്റൊരുത്തനെ കാത്തിരിക്കണമോ? കുരുടൻ കാണുന്നു, മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരായിത്തീർന്നു, ചെകിടർ കേൾക്കുന്നു, മരിച്ചവർ ഉയിർത്തെഴുന്നേൽക്കുന്നു, ദരിദ്രന്മാരോടു സുവിശേഷം അറിയിക്കുന്നു എന്നിങ്ങനെ നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നതു യോഹന്നാനെ ചെന്നറിയിപ്പിൻ” (വി. ലൂക്കോസ് 7:22). അവർ പോയതിനുശേഷം അവൻ പുരുഷാരത്തോടു യോഹന്നാൻ സ്നാപകനെക്കുറിച്ച് ഒരു പ്രവാചകനിലും മികച്ചവൻ എന്നു പറഞ്ഞിരിക്കുന്നു.

ഞാൻ എന്റെ ദൂതനെ നിനക്കു മുമ്പായി അയയ്ക്കുന്നു. അവൻ നിന്റെ മുമ്പിൽ നിനക്കു വഴിഒരുക്കും. സ്ത്രീകളിൽ ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ആരും ഇല്ല. യോഹന്നാന്റെ ആദ്യകാല ജീവിതത്തെക്കുറിച്ച് നമുക്ക് വലിയ അറിവ് ഒന്നും ഇല്ല. അവൻ യിസ്രായേലിനു സ്വയം പ്രത്യക്ഷനാകുന്നതുവരെ മരുഭൂമിയിൽ ആയിരുന്നു (വി. ലൂക്കോസ് 1:80). എവിടെ, ഏതു മരുഭൂമിയിൽ ആയിരുന്നു എന്ന ചോദ്യത്തിനു വ്യക്തത ഇല്ലെങ്കിലും പൊതുവായി പറയപ്പെടുന്നത് ചാവുകടലിനു പടിഞ്ഞാറെ തീരത്ത് അധിവസിച്ചിരുന്ന കുംറാൻ സന്യാസികളുടെ കൂട്ടത്തിൽ വളർന്ന് അവരിൽ ഒരംഗമായി പ്രവർത്തിക്കാനാണ് സാദ്ധ്യത. അതുപോലെ അദ്ദേഹം എന്തുകൊണ്ട് കുംറാൻ സമൂഹത്തിൽ നിന്ന് വിട്ടുപോന്നു എന്ന് ഒരു വിവരവുമില്ല. ഏതായാലും അദ്ദേഹത്തിനു ദൈവനിയോഗമുണ്ടായി പ്രവാചക ദൗത്യം നിർവ്വഹിക്കുകയായിരുന്നു. “നീയോ പൈതലേ അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും” (വി. ലൂക്കോസ് 1:76–77).

യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷക്കാലം വളരെ ഹ്രസ്വമായിരുന്നു. ജ്വലിച്ചു പ്രകാശിച്ച ദീപം പെട്ടെന്നു പൊലിഞ്ഞു. ജയിൽവാസത്തെ തുടർന്ന് രക്തസാക്ഷി മരണം പ്രാപിച്ചു (വി. മർക്കോസ് 6:28). യോഹന്നാൻ സ്നാപകന്റെ ജീവിതം നമുക്കു തരുന്ന പാഠം എത്രനാൾ നാം ജീവിക്കുന്നു എന്നല്ല, നാം എങ്ങനെ ജീവിക്കുന്നു എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അദ്ദേഹം ദീർഘദർശിമാരേക്കാൾ ശ്രേഷ്ഠനായിരുന്നു. യേശുവിന്റെ മുൻഗാമി അഥവാ വഴി ഒരുക്കുന്ന ആൾ എന്ന നിലയിലും യേശുവിനെ മാമോദീസാ മുക്കുകയും ചെയ്തുകൊണ്ട് അദ്ദേഹം മറ്റു ദീർഘദർശിമാരെ അപേക്ഷിച്ച് യേശുവിന്റേതിനോട് കൂടുതൽ യോജിപ്പുള്ളവനായിരുന്നതുകൊണ്ടും അദ്ദേഹം മറ്റു ദീർഘദർശിമാരെക്കാൾ മഹാനായിരുന്നു. യോഹന്നാൻ ഗർഭസ്ഥനായിരിക്കെ തന്നെ പരിശുദ്ധാത്മിവിനെ പ്രാപിച്ചതുകൊണ്ടും അതുവരെ ജനിച്ച സർവ്വ മനുഷ്യരെക്കാളും ശ്രേഷ്ഠനായിരുന്നു.



ഈ ആഴ്ചയിലെ വേദഭാഗം വി. ലൂക്കോസ് 7–ാം അദ്ധ്യായം 27 മുതൽ 35 വരെയുള്ള വേദഭാഗങ്ങളാണ്. ഈ വേദഭാഗത്ത് യോഹന്നാൻ സ്നാപകനെക്കുറിച്ചുള്ള വിവരണങ്ങൾ നമുക്ക് കാണാൻ കഴിയും. യോഹന്നാനെക്കുറിച്ച് പ്രവചനങ്ങളിൽ നാം വായിക്കുന്നത് “ഞാൻ എന്റെ ദൂതനെ നിനക്കു മുമ്പായി അയയ്ക്കുന്നു. അവൻ നിന്റെ മുമ്പിൽ നിനക്കു വഴി ഒരുക്കും.” യേശുതമ്പുരാൻ അവനെക്കുറിച്ചും പറഞ്ഞിരിക്കുന്നത് ‘സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ആരുമില്ല. ദൈവരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനിലും വലിയവൻ എന്നു ഞാൻ നിങ്ങളോടു പറയുന്നു. യോഹന്നാൻ സ്നാപകൻ വരെ ഉണ്ടായിരുന്ന പ്രവാചകന്മാർ ഭാവിയിൽ നടക്കാനിരിക്കുന്ന ഒരു സംഭവത്തെ, മശിഹായുടെ വരവിനെക്കുറിച്ച് പ്രസംഗിച്ചു. എന്നാൽ യോഹന്നാനോ സാക്ഷാൽ മശിഹായെ തന്നെ ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രസംഗിച്ചു. ഈ വേദഭാഗത്തുനിന്നും യോഹന്നാൻ സ്നാപകനെക്കുറിച്ചുള്ള ചില സവിശേഷതകൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

1. അവൻ വളരണം ഞാനോ കുറയണം (വി. യോഹ. 3:30)

നമ്മുടെ ബന്ധങ്ങളെ ശിഥിലമാക്കുന്നത് നമ്മുടെ സ്വയവും സ്വാർത്ഥതയുമാണ്. എവിടെയും നമുക്കു പൊങ്ങച്ചം വെളിപ്പെടുത്തുവാനും മറ്റുള്ളവരെ താഴ്ത്തിക്കെട്ടുവാനുള്ള ഒരു പ്രവണതയാണ് കാണുന്നത്. സ്വയം വിനയപ്പെടുത്തുന്ന യോഹന്നാന്റെ മനോഭാവം എത്ര ശ്രേഷ്ഠത നിറഞ്ഞതാണ്. വി. പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു. “ഭാവിക്കേണ്ടതിനു മീതെ ഭാവിച്ചുയരാതെ ദൈവം അവനവനു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ സുബോധമാകുംവണ്ണം ഭാവിക്കണമെന്ന് എനിക്കു ലഭിച്ച കൃപയാൽ നിങ്ങളിൽ ഓരോരുത്തനോടും പറയുന്നു (റോമ. 12:3).

വർഷങ്ങളോളം യിസായേലിൽ പ്രവാചകന്മാർ ഇല്ലാതിരുന്ന സമയത്താണ് യോഹന്നാൻ പ്രവാചക ദൗത്യമായി രംഗപ്രവേശം ചെയ്യുന്നത്. അപ്പോൾ യഹൂദപുരോഹിതന്മാർ ഉൾപ്പെടെ എല്ലാവരും ആളയച്ച് അവൻ വരുവാനുള്ള ക്രിസ്തുവാണോ എന്നു ചോദിക്കുമ്പോൾ ‘ഞാൻ ക്രിസ്തുവല്ല” തന്റെ പിന്നാലെ വരുന്ന മ്ശിഹായെ ചൂണ്ടിക്കാണിക്കുന്നു. “എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവനാണെന്ന് വിശേഷിപ്പിക്കുന്നു. സ്വന്തം മഹത്വം കാംക്ഷിക്കാതെ സ്വയം വിനയപ്പെടുത്തുവാനുള്ള സന്നദ്ധതയാണ് യോഹ

ന്നാനെ ശ്രേഷ്ഠനാക്കിയത്. "ഞാനോ കുറയണം, അവനോ വളരണം" എന്നുള്ളതായിരുന്നു യോഹന്നാന്റെ പഠിപ്പിക്കൽ. ക്രിസ്തുവിന്റെ ഉയർച്ചയിൽ അസൂയപ്പെടാതെ സന്തോഷിക്കുന്നവനായ യോഹന്നാൻ മറ്റുള്ളവരുടെ ഉയർച്ചയിൽ സന്തോഷിക്കുവാൻ നമുക്ക് സാധിക്കണം. സന്തോഷിക്കുന്നവനോടൊപ്പം സന്തോഷിക്കുവാൻ നമുക്കു കഴിയുന്നുണ്ടോ. യോഹന്നാൻ സ്നാപകൻ ഇവിടെ സ്വയം വിനയപ്പെടുത്തിയതിനാൽ വലിയ ഒരു വ്യക്തിത്വത്തെ സമൂഹത്തിനു പരിചയപ്പെടുത്തുവാൻ യോഹന്നാനു സാധിച്ചു. അതുകൊണ്ടാണ് യേശു പറയുന്നത് "സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ആരുമില്ല."

2. അനീതിക്കെതിരെ ശബ്ദമുയർത്തിയവൻ

സ്വയം വിനയപ്പെടുത്തി എന്നതുകൊണ്ട് യോഹന്നാൻ ഒരിക്കലും ദുർബലനായിരുന്നില്ല. സമൂഹത്തിലെ അനീതിക്കെതിരെ അദ്ദേഹം ശബ്ദമുയർത്തി. അധാർമ്മികതക്കെതിരായി ശബ്ദമുയർത്തി. സഹോദര പത്നിയെ സ്വന്തമാക്കിയ രാജാവിനെ ശക്തമായി ശാസിച്ചു. തെറ്റിനെ തെറ്റായി കാണുവാനും അതിനെ ശക്തമായി ശാസിക്കാനുള്ള ചങ്കൂറ്റം എല്ലാവർക്കും ഉണ്ടാകണമെന്നില്ല. ധാർമ്മികമായും ആത്മീയമായും ഔന്നത്യം പുലർത്തുന്നവർക്കേ തെറ്റിനെതിരായി ശബ്ദമുയർത്തുവാൻ സാധിക്കുകയുള്ളു. യോഹന്നാൻ സ്നാപകന്റെ പ്രവർത്തന സമയത്തെ സമൂഹം ധാർമ്മിക പതനത്തിലായിരുന്നു. പുരോഹിത വർഗ്ഗത്തിന്റെ നിലവാരം വളരെ പരിതാപകരമായിരുന്നു. വെറും ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലുമായി ഒതുങ്ങി. അതുകൊണ്ടാണ് യോഹന്നാൻ സ്നാപകൻ പറയുന്നത് "മാനസാന്തരത്തിനു യോഗ്യമായ ഫലം കായിപ്പിൻ, അബ്രഹാം ഞങ്ങൾക്ക് പിതാവായിട്ടുണ്ട് എന്നുള്ളംകൊണ്ടു പറയുവാൻ തുനിയരുത്. വെറും വൃഥാ പ്രശംസയിൽ മാത്രം ആശ്രയിക്കാതെ മാനസാന്തരത്തിനു അനിയോജ്യമായ ഫലം കായിക്കണം. ഇന്ന് സമൂഹത്തിൽ നമുക്ക് ആവശ്യമായത് മാനസാന്തരമാണ്. അങ്ങനെ മറ്റുള്ളവരെ മാനസാന്തരത്തിലേക്ക് നയിക്കുവാൻ തക്കവണ്ണം ശക്തമായി പ്രസംഗിച്ച വ്യക്തിയായിരുന്നു യോഹന്നാൻ സ്നാപകൻ. നമുക്കും സമൂഹത്തിലെ അനീതികൾക്കെതിരെ ശബ്ദമുയർത്തുവാൻ കഴിയണം.

ഇവിടെ യോഹന്നാൻ സ്നാപകനിൽ നാം കാണുന്നത് വിനയത്തിന്റെയും താഴ്മയുടെയും ഏറ്റവും വലിയ മാതൃകയാണ്. കൂടാതെ സമൂഹത്തിലെ തിന്മകൾക്കെതിരായി ശബ്ദമുയർത്തുന്ന ഒരു സാമൂഹ്യ പരിഷ്ക്കർത്താവിനെയുമാണ്. ക്രിസ്തുവിനോടുള്ള ബന്ധത്തിലാണ് യോഹന്നാന്റെ വലിമ നമുക്ക് കാണാൻ കഴിയുന്നത്. ക്രിസ്തവിന്റെ മുന്നോടിയായി വന്ന് അവിടുത്തെ ആഗമനത്തിനുള്ള വഴി ഒരുക്കിയതാണ് യോഹന്നാനെ വലിയവനാക്കിയത്. ക്രിസ്തുവിനെ സാക്ഷിച്ച് മറ്റുള്ളവരെ ക്രിസ്തുവിങ്കലേക്ക് ആനയിക്കുന്നു. അതുകൊണ്ടാണ് ക്രിസ്തു പറയുന്നത് "സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവനോ യോഹന്നാനെക്കാൾ വലിയവനാണ്."

❑



പുത്തൻകാവ് മെട്രോപ്പോലീറ്റൻ സ്കൂൾ 75–ാം വാർഷിക ലോഗോ പ്രകാശനം ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു.




വെണ്ണിക്കുളം സെന്റ് ബഹനാൻസ് ഹയർ സെക്കൻഡറി സ്കൂൾ പുതുതായി വാങ്ങിയ ബസ്സിന്റെ കൂദാശ കർമ്മവും, 2023 സ്കൂൾ പ്രവേശനോത്സവവും കാതോലിക്കേറ്റ് & എം. ഡി സ്കൂൾസ് കോർപ്പറേറ്റ് മാനേജരായ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് നിർവഹിച്ചു.



തിരുവനന്തപുരം മർത്തമറിയം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിലുള്ള സ്പെഷ്യൽ സ്കൂളിലെ (Marion Play Home) സ്കൂൾ പ്രവേശനോത്സവം.



കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി അദ്ധ്യാപക സമ്മേളനം അടൂർ ചായലോട് സെൻറ് ജോർജ് ആശ്രമത്തിൽ നടന്നപ്പോൾ.



“Wisdom Divides Us to be One”

(First Sunday after the Feast of Pentecost)

Luke 7:27-35

Fr. Geevarghese Thomas

In the Holy Scripture and some of the liturgies of the Syriac Tradition, we can see the theme of “separation” (choosing of the righteous) in the context of last times or eschatology. Especially, in Matthew 13, the parable of weeds and the parable of the net are some examples which substantiate God’s judgment. “Just as the weeds are collected and burned up with fire, so will it be at the end of the age. The Son of Man will send his angels, and they will collect out of his kingdom all causes of sin and all evildoers, and they will throw them into the furnace of fire, where there will be weeping and gnashing of teeth. Then the righteous will shine like the sun in the kingdom of their Father” (Matthew 13:40-43). “Again, the kingdom of heaven is like a net that was thrown into the sea and caught fish of every kind; when it was full, they drew it ashore, sat down, and put the good into baskets but threw out the bad. So it will be at the end of the age. The angels will come out and separate the evil from the righteous” (Matthew 13:47-49). The same separation can be seen in the parable of wise virgins. Today, it is a great challenge to be wise and “one in Spirit” when we advance in a sophisticated sceptical era, demanding existentialism and declining the oneness in fellowships. How is wisdom justified in our being?

Reflections

1. Becoming the least in the Kingdom of God.

Jesus says - “I tell you, among those born of women no one is greater than John, yet the least in the kingdom of God is greater than he” (Luke 7:28). How does someone become the least in the Kingdom of God? This same verse is strikingly synonymous to the first beatitude statement in the sermon on the mount. “Blessed are the poor in spirit, for theirs is the kingdom of heaven” (Matthew 5:3). How can we be the least or the poor in spirit?

There are quite many interpretations to this Gospel passage. But let us try to understand this phrase with an example. To be least or poor implies, be devoid of additional resources and gain factors in a particular regard. If it is financial regard, then being devoid of lacking money and basic needs of survival. A new born is poor in its kind, as it visibly owns just the skin of its appearance. The new born is free from all the resources gained and vested from the world. The very first thing it acquires from the world is breathe. Here, the state of being least or poor is the state, when the new born even lacked the breathe of the world in its individuality! This phrase intensifies the very innate state of an event. Now let us connect and understand this with some other profound references, which highlights our spiritual birth - “Very truly I tell you, no one can see the kingdom of God unless they are born again......Very truly I tell you, no one can enter the kingdom of God unless they are born of water and the Spirit” (John 3:3,5). Being born from “water and Spirit” is the purest state of first separation! We are blessed and been separated from the potentialities of evil to the potentialities of goodness in eternity. This separation and new birth is the literal state of poverty (in the sense of living free from deceits of this world). Remember, the serpent deceived Adam and Eve giving them the desire to become “wise” by eating the fruit of the knowledge about good and evil. In obeying the serpent, they lost the Fruit of Life through which the Spirit of Wisdom is gifted. Lord Jesus, the Tree (or Fruit) of Life incarnated and promised what He already had in essence - the Spirit of Wisdom. It was thus prophesied- “A shoot will come up from the stump of Jesse; from his roots a Branch will bear fruit. The Spirit of the Lord will rest on him— the Spirit of wisdom and of understanding, the Spirit of counsel and of might, the Spirit of the knowledge and fear of the Lord and he will delight in the fear of the Lord” (Isaiah 11:1-3). Wisdom is the gift of the Holy Spirit. The promised Holy Spirit, convicts us in Truth and makes us wise to witness Christ, being least in the Kingdom of God.



The world and people are separated on several grounds. But we have the power of oneness through God’s wisdom bestowed upon us through the gift of Holy Spirit. The Christian identity and conviction has to be the dividing measure- not to discriminate but to unite and encompass the world in Christ’s love. We must therefore labor in Spirit in contrary to the dividing desires of the world, to remain “least in the Kingdom of God.”

Conclusion

As we lead through the season of Pentecost, let us be reminded that we were gifted the pure innate state of “being poor” and are renewed in God’s Spirit. What we gain through our will is the life destined to us in eternity. Do we gain the fruits of Spirit in abundance or are we striving to be vested by the vain and deceiving glories of the world? To become “poor in Spirit” and “least” is the state of being led by God’s wisdom. For the apostle reminds us it in different way - “Religion that God our Father accepts as pure and faultless is this: to look after orphans and widows in their distress and to keep oneself from being polluted by the world” (James 1:27). The “least” experience demands both- to be functional in the fruits of Spirit, in the purest form as like at birth, and to be abstaining from the stains of this world. May we spiritually advance to become the “least” and thus become the one Body of Christ through the Divine Wisdom. May God bless us.

◆

കാന്തപുരവും പ. കാതോലിക്കാ ബാവായും കൂടിക്കാഴ്ച്ച നടത്തി

കോഴിക്കോട്: ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ. പി. അബൂബക്കർ മുസ്‌ലിയാരും പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായും കൂടിക്കാഴ്ച്ച നടത്തി. കാരന്തൂർ മർകസിൽ നടന്ന കൂടിക്കാഴ്ചയിൽ നിലവിലെ സാമൂഹ്യ സാഹചര്യത്തെയും, ഇരു സമുദായങ്ങ ൾക്കിടയിൽ ശക്തിപ്പെടേണ്ട സൗഹാർദ്ദത്തെയും കുറിച്ച് ഇരുവരും സംസാരിച്ചു.

കൂടിക്കാഴ്ചയിൽ നടത്തിയ സംയുക്ത പ്രസ്താവന

◆ വ്യത്യസ്ത സാമുദായിക പശ്ചാത്തലത്തിൽ നിന്നുള്ളവരുടെ കൂടിക്കാഴ്ചകൾ സമൂഹത്തിന് ഒരുമയുടെ സന്ദേശം നൽകും.

◆ അടുത്തിടെയായി ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ അസ്വസ്ഥതയുണ്ടാക്കാൻ ചിലർ നടത്തുന്ന ശ്രമങ്ങളെ തടയിടാൻ എല്ലാവരും രംഗത്തിറങ്ങണം. പലപ്പോഴും പരസ്പരം തെറ്റിദ്ധരിപ്പിച്ച് തമ്മിലടിപ്പിക്കാനാണ് ശ്രമങ്ങളുണ്ടാവുന്നത്. സോഷ്യൽ മീഡിയയിലും മറ്റും ഇതിനായി നിരന്തര ശ്രമങ്ങൾ ഉണ്ടാവുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത് തിരിച്ചറിഞ്ഞ് സാമുദായിക ഐക്യത്തിനും നാടിന്റെ സ്വസ്ഥതക്കുംവേണ്ടി ഏവരും നിലകൊള്ളണം.

◆ മതങ്ങൾ തമ്മിലും സമുദായങ്ങൾ തമ്മിലും പരസ്പരം അറിയാൻ സംവിധാനങ്ങളില്ല എന്നത് പല തെറ്റിദ്ധാരണകളും വിശ്വാസികൾക്കിടയിൽ ഉണ്ടാക്കുന്നു. ഈ അറിവില്ലായ്മയാണ് തത്പര കക്ഷികൾ മുതലെടുക്കുന്നതും. അതിനാൽ പരസ്പരം അറിയാനും സന്ദേശങ്ങൾ കൈമാറാനുമുള്ള വേദികൾ ഒരുക്കുന്നതിന് ഇരു സമുദായങ്ങൾക്കുമിടയിൽ സംവിധാനമുണ്ടാക്കും. പരസ്പര സ്നേഹത്തിനും സാഹോദര്യത്തിനും ഭംഗം വരുത്തുന്ന ചർച്ചകളിൽ നിന്നും പ്രചാരണങ്ങളിൽ നിന്നും വിട്ടു നിൽക്കാൻ എല്ലാ വിഭാഗങ്ങളും തയ്യാറാകണം.

◆ നമ്മുടെ സമൂഹത്തിൽ മദ്യത്തിന്റെയും ലഹരിയുടെയും മയക്കുമരുന്നിന്റെയും ഉപയോഗം വ്യാപകമാവുന്നുണ്ട്. സമീപകാലത്ത് കേരളത്തെ ഞെട്ടിച്ച കൊലപാതകങ്ങളുടെയെല്ലാം പ്രധാന പ്രേരകം ലഹരിയാണ്. വിദ്യാർത്ഥികൾ പോലും മാരക ലഹരികൾക്ക് അടിമപ്പെടുന്നു. ലഹരിയുടെ പ്രത്യാഘാതങ്ങളെ കുറിച്ച് ജനങ്ങളെയും വിദ്യാർത്ഥികളെയും ബോധവത്കരിക്കാൻ സംവിധാനങ്ങളുണ്ടാക്കും. ലഹരി എന്ന വിപത്തിനെ തുരത്താൻ അടിയന്തരമായി ഇടപെടേണ്ടതിന്റെ ആവശ്യകത സർക്കാരിനെ ഉണർത്തും. മദ്യ, ലഹരി നിരോധനത്തിനും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് ശക്തമായ ശിക്ഷകൾ നൽകാനും അധികാരികൾ ഇടപെടണം.

◆ ഉന്നത വിഭ്യാഭ്യാസ മേഖലയിൽ ഇരു സമുദായങ്ങൾക്കുമുള്ള സംവിധാനങ്ങൾ പരസ്പരം ഉപയോഗപ്പെടുത്തുന്നതിനും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും സാധാരണക്കാർക്കും മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും യോജിച്ച് പ്രവർത്തിക്കും.

◆ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും പൊതു ഇടങ്ങളിലൂടെയും സാമൂഹിക മാധ്യമങ്ങളിലൂടെയും പരസ്പര സഹൃദം നിലനിർത്തുന്നതിന് ക്രിയാത്മകമായ വേദികൾ പ്രോത്സാഹിപ്പിക്കുക.

◆ നാടിന്റെ പൂർവ്വകാല സഹോദര്യ അന്തരീക്ഷം നിലനിർത്തുന്നതിന് മഹല്ല്, ഇടവക സംവിധാനങ്ങളിലൂടെ സമുദായങ്ങൾക്കിടയിൽ സന്ദേശങ്ങൾ എത്തിക്കുക.


◆ നാടിന്റെയും സമൂഹത്തിന്റെയും, പുരോഗതിക്ക് ആവശ്യമായ മേഖലകളിൽ ഒരുമിച്ചു പ്രവർത്തിക്കാനുള്ള ഇടങ്ങൾ കണ്ടെത്തും.

◆ ന്യൂനപക്ഷ സമുദായങ്ങൾക്കിടയിൽ കാലങ്ങളായി നിലനിൽക്കുന്ന ഐക്യവും നന്മയും കൂടുതൽ സജീവമാക്കാൻ വിവിധ ഉദ്യമങ്ങൾക്ക് തുടക്കമിടുമെന്നും ഇരുവരും പ്രസ്താവിച്ചു.

വർഗീയതക്കെതിരെ ഒന്നിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. തീവ്രവാദത്തിനെതിരെ കാന്തപുരം സ്വീകരിച്ച നിലപാടുകൾ പ്രശംസിക്കപ്പെടേണ്ടതാണെന്ന് കതോലിക്കാ ബാവയും ന്യൂനപക്ഷങ്ങൾക്കിടയിൽ ധ്രുവീകരണമുണ്ടാക്കുന്ന പ്രവണതക്കെതിരെ കാതോലിക്കാ ബാവാ നടത്തിയ ഇടപെടലുകൾ ഏറെ ഗുണം ചെയ്തെന്ന് കാന്തപുരവും പറഞ്ഞു.

കൂടിക്കാഴ്ചയിൽ സുന്നി യുവജനസംഘം സംസ്ഥാന സെക്രട്ടറി ഡോ. എ പി അബ്ദുൽ ഹകീം അസ്ഹരി, മർകസ് പ്രൊ ചാൻസിലർ ഡോ. ഹുസൈൻ സഖാഫി ചുള്ളിക്കോട്, കെയർ & ഷെയർ ഇന്റർനാഷണൽ ഫൗണ്ടേഷൻ മാനേജിങ് ഡയറക്ടർ ഫാ. തോമസ് കുര്യൻ മരോട്ടിപ്പുഴ, ജിതിൻ മാത്യു ഫിലിപ്പ് എന്നിവർ സംബന്ധിച്ചു.


പി. എം. മാത്യു കോറെപ്പിസ്കോപ്പാ അന്തരിച്ചു



അയിരൂർ: മലങ്കര ഓർത്തഡോക്സ് സഭ അഹമ്മദാബാദ് ഭദ്രാസനത്തിലെ മുതിർന്ന വൈദികൻ അയിരൂർ പകലോമറ്റം താഴമൺ മാവേലിൽ പേരങ്ങാട്ട് പി. എം. മാത്യു കോറെപ്പിസ്കോപ്പ (90) അന്തരിച്ചു.

ഭാര്യ: തെക്കേമല തൈക്കൂട്ടത്തിൽ മറിയാമ്മ മാത്യു. മക്കൾ: റോയി (യുഎസ്), റൂബി (തൃശൂർ), റജി (ബറോഡ). മരുമക്കൾ: ബിനു, സജു, ബിന്നി.

ഫാ. വി. കുര്യാക്കോസ് അന്തരിച്ചു



കോട്ടപ്പടി: മലങ്കര ഓർത്തഡോക്സ് സഭ സീനിയർ വൈദികനും മാർ ഏലിയാസ് ഹയർ സെക്കൻഡറി സ്കൂൾ റിട്ട. അധ്യാപകനുമായ കണ്ണോത്തുകുടിയിൽ ഫാ. വി. കുര്യാക്കോസ് (98) അന്തരിച്ചു.

ഭാര്യ: കുറുപ്പംപടി താണേലിമാലിൽ പരേതയായ ചെറുച്ചി. മക്കൾ: വത്സ, സാജു, സാബു, സാനു. മരുമക്കൾ: പീറ്റർ മാത്യു മുപ്ലാത്തിയിൽ മുടവൂർ, റീന കല്ലോലിക്കൽ നിലമ്പൂർ, റെയ്ന പൈനാടത്ത് നെടുമ്പാശേരി, പരേതയായ മോളി വാഴയിൽ മാറിക.

സംസ്കാരം വളയൻചിറങ്ങര സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് പള്ളിയിൽ നടത്തി.

ഡോ. തോമസ് മാർ അത്താനാസിയോസിന്റെ സഹോദരൻ നിര്യാതനായി



പെരിയാമ്പ്ര സെന്റ് ജോർജ് ഓർത്തഡോക്സ് സുറിയാനി പള്ളി ഇടവകാംഗവും മലങ്കര സഭയുടെ കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസിന്റെ സഹോദരനുമായ സ്റ്റീഫൻ പി. ജെ. നിര്യാതനായി. ചോരക്കുഴി സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് സുറിയാനി പള്ളി വികാരി ഫാ. എഡ്വേർഡ് ജോർജ് മകനാണ്.



Two day camp of Thrissur Diocese Orthodox Christian Youth Movement members at Orthodox Study Centre Pazhayannoor.



ചെങ്ങന്നൂർ ഭദ്രാസന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പഠനോപകരണ വിതരണത്തിന്റെ ആദ്യഘട്ട ഉദ്ഘാടനം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ തീമോത്തിയോസ് ഭദ്രാസന സെക്രട്ടറി ബഹു. ഫാ. പി. കെ. കോശിയ്ക്ക് നൽകി നിർവഹിച്ചു. MGOCSM വൈസ് പ്രസിഡന്റ് ഫാ. ജിജോ കെ ജോയ്, പ്രസ്ഥാനം പ്രവർത്തകർ എന്നിവർ നേതൃത്വം നൽകി. ജൂൺ 1-ന് രണ്ട് സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പഠനോപകരണ കിറ്റ് വിതരണം ചെയ്തു.



കൽക്കത്ത ഭദ്രാസന വൈദിക കുടുംബസംഗമം മെയ് 30-ന് പാത്താമുട്ടം സ്തേഫാനോസ് മാർ തേവോദോസിയോസ് മിഷൻ സെന്ററിൽ വച്ച് നടന്നു. കൽക്കത്ത ഭദ്രാസനത്തിന്റെ ഡോ. അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു.



യുവജന പ്രസ്ഥാനം കോട്ടയം ഭദ്രാസന വാർഷിക സമ്മേളനത്തിന്റെ ലോഗോ പ്രകാശനം ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് നിർവഹിച്ചു.



വെട്ടിക്കൽ സെന്റ് തോമസ് ദയറായിൽ കബറടങ്ങിയ കാട്ടുമങ്ങാട്ട് ഇളയ ബാവായുടെ 214-ാമത് ശ്രാദ്ധപ്പെരുന്നാൾ ശുശ്രൂഷകൾക്ക് യൂഹാനോൻ മാർ പോളിക്കാർപ്പോസ് പ്രധാന കാർമ്മികത്വം വഹിച്ചു. ദയറാ മാനേജർ ഫാ. കുര്യാക്കോസ് ജോർജ്, സമീപ ഇടവകകളിലെ വൈദീകർ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി. ശ്രാദ്ധപ്പെരുന്നാളിന്റെ ഭാഗമായി നടത്തപ്പെട്ട അത്താഴമൂട്ടിന് അനേകം ദേശനിവാസികൾ പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു.

ജെഫിൻ ഐ. ജോർജിന് ഒന്നാം റാങ്ക്



കേരളാ യൂണിവേഴ്സിറ്റി ബി.സി.എ പരീക്ഷയിൽ ജെഫിൻ ഐ. ജോർജ് ഒന്നാം റാങ്ക് കരസ്ഥമാക്കി. മലപ്പുറം ചുങ്കത്തറ എം.പി.എം.എച്ച്.എസ്.എസ് ഹെഡ്മാസ്റ്റർ ഇട്ടി ജോർജിന്റെയും (ഷിബു) കുണ്ടറ എം.ജി.ഡി. ഹൈസ്കൂൾ അദ്ധ്യാപിക ഷീജ കെ. ഫിലിപ്പിന്റെയും മകനാണ്.

കുണ്ടറ സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗം.



കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ബി.എസ്.സി. ഇൻഡസ്ട്രിയൽ കെമിസ്ട്രി പരീക്ഷയിൽ ഷിബിയ ജോൺ രണ്ടാം റാങ്ക് കരസ്ഥമാക്കി. ഓടനാവട്ടം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ഇടവകാംഗമാണ്.



പത്തനംതിട്ട ജില്ലയിലെ മൈലപ്ര ഗ്രാമ പഞ്ചായത്തിൽ അഞ്ചാം വാർഡിൽ നടന്ന ഉപ തെരഞ്ഞെടുപ്പിൽ ജെസ്സി വർഗ്ഗീസ് ഗ്രാമ പഞ്ചായത്ത് അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. മൈലപ്ര സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗവും അഖില മലങ്കര ബെസ്ക്യാമോ അസ്സോസിയേഷൻ കേന്ദ്ര വൈസ് പ്രസിഡന്റുമാണ്.

മുൻ സഭാ മാനേജിംഗ് കമ്മിറ്റി അംഗം പരേതനായ ഫാ. വർഗീസ് മാത്യുവിന്റെ സഹധർമ്മിണിയാണ്. പത്തനംതിട്ട കാതോലിക്കേറ്റ് ഹയർസെക്കൻഡറി സ്കൂളിൽ നിന്നും പ്രിൻസിപ്പലായി വിരമിച്ചു.



സ്മാരക മന്ദിരം സമർപ്പിച്ചു
രാജർഷി സ്കൂളിന് ഒരു പൊൻതുവൽ..

വടവുകോട് രാജർഷി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിൽ യു.പി വിഭാഗത്തിന് പുതുതായി നിർമ്മിച്ച ജോസഫ് മാർ പക്കോമിയോസ് സ്മാരക മന്ദിരം മലങ്കര ഓർത്തഡോക്സ് സഭ കാതോലിക്കേറ്റ് ആൻഡ് എം.ഡി സ ്കൂൾ മാനേജറും തിരുവനന്തപുരം ഭദ്രാസന അധിപനുമായ ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത വിശുദ്ധ കൂദാശ കർമ്മം നിർവഹിച്ച് സ ്കൂളിന് സമർപ്പിച്ചു. 1988-ൽ സഭയ്ക്കായി ഈ സ്ഥാപനം സ്വരുക്കൂട്ടിയ ദീർഘ ദർശിയായ പിതാവായിരുന്നു ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത എന്ന് തിരുമേനി അനുസ്മരിച്ചു . രാജേഷി മെമ്മോറിയൽ ടീച്ചർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് സപ്തതി ആഘോഷങ്ങളുടെ ഭാഗമായി പുതുതായി നിർമ്മിച്ച കമാനം നാടമുറിച്ച് മാനേജർ ഉദ്ഘാടനം ചെയ്തു. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന് ഗ്രിഗോറിയൻ സപ്തതി മന്ദിരം എന്ന നാമകരണീ പ്രഖ്യാപിച്ചു.



അടൂർ കടമ്പനാട് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ വേദപ്രവീൺ കോൺവൊക്കേഷൻ നടത്തി. സെന്റ് സ്റ്റീഫൻസ് ചാപ്പലിൽ നടന്ന കോൺ വൊക്കേഷൻ സൺഡേസ്ക്കൂൾ പ്രസിഡന്റ് ഡോ. ജോസഫ് മാർ ദീവ ന്നാസ്യോസ് ഉത്ഘാടനം ചെയ്തു. ഭദ്രാസന മെത്രാപ്പോലീത്ത ഡോ. സഖറിയാസ് മാർ അപ്രേം അധ്യക്ഷനായിരുന്നു.



മലങ്കര സഭാ ഭരണഘടന: ചരിത്രം, രേഖകൾ, ഭേദഗതികൾ, മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ: ചരിത്രം, രേഖകൾ തുടങ്ങിയ പുസ്തകങ്ങൾ എഴുതിയ സഭാചരിത്രകാരനായ ഡെറിൻ രാജുവിനെ മാതൃ ഇടവക ആദരിച്ചു. പെന്തിക്കോസ്തി പെരുന്നാൾ ശുശ്രൂഷകൾക്ക് ശേഷം നടന്ന അനുമോദന സമ്മേളനത്തിൽ ഡോ. യൂഹാനോൻ മാർ ദീയസ്കോ റോസ് മൊമന്റോ സമ്മാനിച്ചു. അദ്ധ്യാത്മിക സംഘടനകളുടെ വകയായി ഉപഹാരവും നൽകി.



ആസ്ട്രേലിയായിൽ പുതിയ ഇടവക

ആസ്ട്രേലിയാ, Queensland സംസ്ഥാനത്തെ പ്രശസ്ത വിനോദസഞ്ചാര മേഖലയായ (Great Barrier Reef ഉൾപ്പടെ) സ്ഥിതി ചെയ്യുന്ന Cairns-ൽ മലങ്കര ഓർത്തഡോക്സ് സഭക്ക് പുതിയ ദേവാലയം - St. Mary's Indian Orthodox Church, Cairns - ഇടവക മെത്രാപ്പോലീത്ത ഗീവർഗീസ് മാർ പീലക ്സിനോസിന്റെ കൽപ്പനയാൽ സ്ഥാപിക്കപ്പെട്ടു. വി.കുർബ്ബാനക്കും മറ്റ് ചടങ്ങുകൾക്കും Fr. Charls Mon Philipose മുഖ്യകാർമ്മികത്വം വഹിച്ചു. സെക്രട്ടറി സണ്ണി ജോർജ്, ട്രസ്റ്റി എബി ജോയി, ജോജു വർഗീസ്, ലിറ്റോ ജോർജ്, ലിബിൻ, ജിൻസൂ, ആൽവിൻ, അരുൺ, തമ്പി ചെമ്മനം (മെൽബൺ) എന്നിവർ നേതൃത്വം നൽകി.



യുവജനപ്രസ്ഥാനം ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ 2023 അദ്ധ്യായനവർഷത്തിൽ വിദ്യാർഥികൾക്ക് വേണ്ടിയുള്ള പഠനോപകരണ ങ്ങൾ വിതരണം ചെയ്തു. പഠനോപകരണങ്ങളുടെ വിതരണം ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാന വൈസ് പ്രസിഡണ്ട് ഫാ. തോമസ് വർഗ്ഗീസ് കടവിൽ ഉദ്ഘാടനം ചെയ്തു. എം.ജി.ഡി. സ്കൂൾ പുതുശേരി, ഗവ. മുഹമ്മദൻ ഹൈസ്കൂൾ, കൊല്ലകടവ്, സെന്റ് മേരീസ് സ്കൂൾ കൊല്ലാട് എന്നീ സ്കൂളുകളിലെ വിദ്യാർഥികൾക്കായി പഠനോപകരണങ്ങൾ അധ്യാ പകർക്ക് കൈമാറി.



**സംസ്ഥാന ബോക്സിങ്
ചാമ്പ്യൻഷിപ്പിൽ
എഡ്വിൻ ജി. സുനിൽ
സ്വർണ്ണ മെഡൽ കരസ്ഥമാക്കി.
പന്തളം പൂഴിക്കാട് സെന്റ്
ജോർജ് ഓർത്തഡോക്സ്
ഇടവകാംഗമാണ്.**